

# VICTORY VHSS OLATHANNI

# LITTLE KITES

സ്കൂൾ വിദ്യാർത്ഥികളുടെ കഴിവിന്റെ സംഗമം

# തളിർ

2024

# ഉള്ളടക്കം


- പുഴ ---------------------------------------------------3
- മരം ---------------------------------------------------4
- വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം---------------------------5
- സ്നേഹനിലാവ്----------------------------------------------6
- അമ്മ----------------------------------------------------7
- മഞ്ഞുതുള്ളി----------------------------------------------8
- ഒരു തൈ നടുമ്പോൾ-------------------------------------9
- വിദ്യാലയം--------------------------------------------10

# പുഴ

പുഴ എനിക്കൊരു വിസ്മയകരമായ രഹസ്യമായിരുന്നു. പുഴവക്കത്തായിരുന്നു ഞങ്ങൾ താമസിച്ചിരുന്നത്. ഞാൻ പഠിച്ച പ്രാഥമിക വിദ്യാലയവും പുഴയ്ക്കരികിലായിരുന്നു. സ്കൂളിൽ നിന്ന് രണ്ട് ചാൽ നടന്നാൽ മതി പുഴയുടെ വക്കത്തെത്താൻ. ഒഴിവുസമയങ്ങൾ മിക്കവാറും ഞാൻ ചെലവഴിച്ചിരുന്നത് നദി തീരത്തായിരുന്നു. കൂട്ടുകാരുമുണ്ടാകും. അവരില്ലാതെ ഒറ്റയ്ക്ക് പുഴയും നോക്കിയിരിക്കാനായിരുന്നു എനിക്ക് രസം.

നിധീഷ്

# മരം

മരം നമ്മുടെ മരം
നമ്മെ രക്ഷിക്കുന്ന മരം
നമ്മുക്കു ശുദ്ധവായു തരുന്ന മരം
നമ്മുടെ സ്വന്തം മരം
മരം
പരിപാലിക്കുന്ന മരം
നമ്മുക്കു വേണ്ടി
ഭക്ഷണം തരുന്ന മരം
ഭൂമിയെ
സംരക്ഷിക്കുന്ന മരം
നമ്മെ സംരക്ഷിക്കുന്ന മരം
പാവങ്ങൾക്ക് താങ്ങാണ് മരം
നമ്മുടെ സ്വന്തം മരം

വിബിൻ

# വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം

എന്താണ് വിക്ടോറിയ ജലപാതം? അംഗോല-
യുടെ മലകളിൽനിന്ന്
കാടിറങ്ങി വരുന്ന സംബസി നദി അനവധി
പോഷകനദികളുടെ ജലത്താൽ പെരുകി, സാമ്പിയയുടെ
സമതലങ്ങളിൽ അതിവിശാലമായ പ്രവാ ഹമായി പരന്നൊഴുകി,
തെക്ക് സിമ്പാബയുടെ
അതിർത്തിയിൽവച്ച്,
ഏതാണ്ട് 350 അടി താഴ്ചയും ഒന്നെമുക്കാൽ കിലോമീറ്റർ വീതിയുമുള്ള
ഒരു പ റപിളർപ്പിള്ളേക്ക ഭൂമി കുലിക്കികൊണ്ടും ഗർജിച്ചുകൊണ്ടും
ഭൂമുകത്തെ ഏറ്റവും വലിയ, വീഴുന്ന ജലപ്പാളി
വിടർത്തികാണിച്ചു നമ്മെ നടുക്കികൊണ്ടും
സ്വയം ചൊരിയുന്ന ആവിശ്വാസനീയമായ കാഴ്ചയാണ് വിക്ടോറിയ
വെള്ളച്ചാട്ടം.



ആനന്ദ്

# സ്നേഹനിലാവ്

എന്നും സ്നേഹത്താനലാണ് അമ്മ
എരിയും സ്നേഹർദ്ര ജ്വാലയാണ് അമ്മ
മധുരമാം വാക്കും സ്വന്തനവുമേക്കും സ്നേഹസ്പർശമാണ് അമ്മ..........
മാനവസ്നേഹസ്പർശവുമാണ്ണമ്മ
മാനവസ്നേഹത്തിൻ മൂല്യങ്ങൾ
പഠിപ്പിച്ച ശാലീന പൗർണമി അമ്മ
അറിവിന്റെ ആദ്യാക്ഷരങ്ങൾക്കുറിപ്പിച്ചത് അമ്മ
നന്മതൻ പാഠങ്ങൾ ചൊല്ലി പഠിപ്പിച്ച അമ്മ
ഇരുളിൻ വെളിച്ചമായി ഹൃദയത്തിൽ സ്നേഹമായി
എൻ ജീവിത യാത്രയിൽ ഇന്നുമെൻ ശക്തി ഗോപുരമാണ് അമ്മ
അഴലിന്റെ ആഴങ്ങളിൽ ഉലയുമ്പോഴും മക്കളെ നീയെൻ ജീവിത
സൗഭാഗ്യം എന്ന് നോക്കിയതാ അമ്മയ്ക്കായി ഉയരും ഞാൻ
നാടാകെ

-സ്നേഹ



# അമ്മ

പല പല മൃഗങ്ങൾ വലയും
കാട്ടിൽ
ഒരു കുഞ്ഞു മാനായി ഞാൻ
വളരുമ്പോൾ
പകലും ഇരവും വന്നു പോകിലും
മഴയും മഞ്ഞും പെയ്ത്തു പോകിലും
എൻ കൂടെ എന്നും
ഇണങ്ങിയും പിണങ്ങിയും
എന്നോടൊപ്പം ഉണ്ട് എൻ
അമ്മയും.

-പ്രജിത്

# *മഞ്ഞുതുള്ളി*

..............................

വിരിയുന്ന പൂവിന്മേൽ
ചായുന്ന മഞ്ഞുതുള്ളികളേ
മഞ്ഞുകാലത്തെ തണുപ്പിൽ
ഉറങ്ങുന്ന ഞങ്ങളെ ഉണർത്തുന്നത്
നിന്നെ കാണാനോ?
പച്ച ഇലയിലെ നിറത്തിൽ
നിന്നെ കാണാൻ ഉണരുന്നു.
ഞങ്ങൾക്കായി നീ കുറച്ചു നേരം
കാത്തു നിൽക്കുമോ?
പെയ്യുന്ന മഴത്തുള്ളികളെ പോലെ

-നിഖിൽ രാജ്

# ഒരു തൈ നടുമ്പോൾ

ഒരു തൈ നടുമ്പോൾ
ഒരു തണൽ നടുന്നു
നടുനിവർക്കാനൊരു
കുളിർനിഴൽ നടുന്നു
പകലുറക്കത്തിനൊരു
മലർവിരി നടുന്നു
ഒരു തൈ നടുമ്പോൾ
ഒരു തണൽ നടുന്നു
മണ്ണിലും വിണ്ണിന്റെ
മാറിലെച്ചാന്തു തൊ-
ട്ടഞ്ജനമിടുന്നു
ഒരു വസന്തത്തിന്നു
വളർപന്തൽ കെട്ടുവാ-
നൊരുകാൽ നടുന്നു
ഒരു തൈ നടുമ്പോൾ
പല തൈ നടുന്നു
പല തൈ നടുന്നു,
പല തണൽ നടുന്നു.

-അബിഷ രാജ്

# വിദ്യാലയം

അറിവിന് ആദ്യക്ഷരം പകരും

നേരറിയാൻ വഴിയാറിയാൻ

ഗുരുനാഥൻ താൻ അമൃതാം

ശാസനകൾ പോലെൻ വിദ്യാലയം

കൊതിക്കും നേരറിയാത്ത ബന്ധങ്ങളും

സന്തോഷം കൊതിക്കുമ്പോൾ

മധുരമാകുന്ന പൂന്തോപ്പാണ് എൻ

വിദ്യാലയം വിദ്യാർത്ഥി താൻ

ഗുരുനാഥന്മാരെ സ്നേഹിക്കാനും

ശാസനകൾ ഏറ്റുവാങ്ങാനും

ഇനിയും എൻ ജീവിതാനുഭാവങ്ങൾ

ബാക്കി മധുരമാം വിദ്യാലയം.....

–വൈഗ




ശുഭം